**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **26-07-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി സ്കൂളുകളിലെ റിട്ടയർമെൻ്റ് ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന റിട്ടയർമെൻ്റ് ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 253 ഒഴിവുകൾ. |
| (ബി) | ഇതേ വർഷങ്ങളിൽ എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. സ്കൂളുകളിൽ ഉണ്ടായേക്കാവുന്ന പ്രധാന അദ്ധ്യാപകരുടെ റിട്ടയർമെൻ്റ് ഒഴിവുകൾ വർഷാടിസ്ഥാനത്തിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ആകെ 120 ഒഴിവുകൾ 2022- 40 2023- 44 2024- 18 2025- 18 |
| (സി) | ദേശീയ വിദ്യാഭ്യാസ നയ പ്രകാരം എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി ഒമ്പതാം ക്ലാസ് മുതൽ നടപ്പിലാക്കുവാൻ കേന്ദ്ര നിർദ്ദേശം ഉണ്ടായിട്ടും അത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | 2018 മുതൽ കേരളത്തിൽ 11, 12 ക്ലാസ്സുകളിൽ വി.എച്ച്.എസ്.ഇ. സ്കൂളുകൾ എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കി വരുന്നു. തൊഴിൽ പഠനത്തിന് കുട്ടികളെ പ്രാപ്തരാക്കാൻ ചെറിയ ക്ലാസ്സുകൾ മുതൽ തന്നെ തൊഴിൽ നൈപുണ്യവുമായി ബന്ധപ്പെട്ട ആശയങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ എൻ.എസ്.ക്യു.എഫ് അധിഷ്ഠിത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. . പ്രസ്തുത പുസ്തകങ്ങളിൽ പ്രത്യേകം കോഴ്സുകളായിട്ടല്ല ഇവ ഉൾപ്പെടുത്തിയിട്ടുള്ളത്. പകരം തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ ഓരോ വിഷയത്തിന്റേയും സാധ്യതക്കനുസരിച്ച് അതത് ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ